

# GLPS PANAYAL

# ACADEMIC MASTER PLAN

2025 - 26



# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ.
- മികവായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ.

# അടിസ്ഥാന വിവരങ്ങൾ

പേര് : ജി.എൽ.പി.എസ് പനയാൽ.

വിലാസം : പി.ഒ പനയാൽ, നെല്ലിയടുക്കം
ബേക്കൽ (വഴി). 671318.

ഫോൺ :

സ്കൂൾ കോഡ് : 12214

വിദ്യാഭ്യാസ ഉപജില്ല : ബേക്കൽ

വിദ്യാഭ്യാസ ജില്ല : കാഞ്ഞങ്ങാട്

റവന്യൂ ജില്ല : കാസറഗോഡ്.

ബി.ആർ.സി : ബേക്കൽ

സി.ആർ.സി : GUPS അഗസറഹോള.

ഗ്രാമപഞ്ചായത്ത്: പള്ളിക്കര.

ബ്ലോക്ക് പഞ്ചായത്ത്: കാഞ്ഞങ്ങാട്

ജില്ലാ പഞ്ചായത്ത് : കാസറഗോഡ്.

നിയമസഭാ മണ്ഡലം : ഉദുമ

ലോകസഭാ മണ്ഡലം : കാസറഗോഡ്.

താലൂക്ക് : ഹോസ്ദുർഗ്

വില്ലേജ് : പനയാൽ

ഇ-മെയിൽ : hmglpspanayal@gmail.com.

# ആമുഖം

2025 - 26 അധ്യയന വർഷത്തിൽ ഈ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകൽപന ചെയ്തിട്ടുള്ളത്. കുട്ടികളിലെ പഠനവിടവുകൾ നികത്തുക, പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക, സ്വയമെടുക്കൽ മനോഭാവം വളർത്തുക തുടങ്ങിയ പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതും ഈ പദ്ധതിയിൽ പെടുന്നു. PTA, SMC, SDC എന്നീ കമ്മിറ്റികളുടെ പൂർണ്ണപിന്തുണയും ഇതിനുണ്ട്.

# ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ സമഗ്ര-ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ഉദ്ദേശത്തോടെ വിദ്യാലയ സൗകര്യം വർധിപ്പിക്കുക.
- പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും അധ്യയനവും സർഗാത്മകമാക്കുന്നതിനും രസകരമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# മികവുകൾ

2024 - 25 അധ്യയന വർഷത്തിൽ ഉപജില്ലാ കലാമേളയിലും ശാസ്ത്രമേളയിലും കായികമേളയിലും മികച്ച വിജയം കൈവരിച്ചു. പ്രവൃത്തിപരിചയമേളയിലും ശാസ്ത്രമേളയിലും പങ്കെടുത്ത എല്ലാ ഇനങ്ങളിലും എ ഗ്രേഡ് കരസ്ഥമാക്കി. സബ്ജില്ലാതലത്തിൽ നടത്തിയ വിവിധ വിഷയങ്ങളിൽ ക്വിസ്മത്സരങ്ങളിൽ പങ്കെടുക്കുകയും മികച്ച നിലവാരം പുലർത്തുകയും ചെയ്തു. ഈ വർഷത്തെ പഠനോത്സവവും മികച്ച രീതിയിൽ നടന്നു. 2024-25 അധ്യയനവർഷത്തിൽ മലയാളം മീഡിയത്തിൽ 3 കുട്ടികളും കന്നഡ മീഡിയത്തിൽ 2 കുട്ടികളും എൽ.എസ്.എസ് നേടി സ്കൂൾ മികച്ച വിജയം കരസ്ഥമാക്കി.

മികവായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

അക്കാദമികം.

1. ഭാഷാശേഷി, ഗണിതശേഷി വികസനം.
2. ഇംഗ്ലീഷ് പഠനപരിപോഷണം.
3. വായനാ പരിപോഷണം.
4. ലൈബ്രറി ശാക്തീകരണം.
5. ലാമ്പ് നിർമ്മാണം.
6. പ്രതിഭാപോഷണ പരിപാടി.
7. ജൈവവൈവിധ്യ പാർക്ക്/ ശലഭോദ്യാനം.
8. കലാകായിക മേള.
9. ഐ.ടി പരിശീലനം.
10. ഒറിഗാമി / പ്രവൃത്തിപരിചയം.

# വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാളം - കന്നഡ ഭാഷാപരിജ്ഞാനം ഉറപ്പാക്കൽ. | 'അക്ഷരമധുരം' - പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് സംഘടിപ്പിക്കൽ. | ജൂൺ മുതൽ | ക്ലാസ് ടീച്ചർ SRG കൺവീനർ. |
| | - അസംബ്ലിയിൽ പത്രവായന, പ്രസംഗം, ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, സർഗാത്മക രചനകൾ, പതിപ്പ് തയ്യാറാക്കൽ, | ആഴ്ചയിൽ 1 | |
| | ബാലസഭയിൽ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കൽ. | പ്രതിമാസം | |
| ഇംഗ്ലീഷ് പഠന പോഷണം - എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള കഴിവ് വികസിപ്പിക്കൽ. | ഇംഗ്ലീഷ് അസംബ്ലി. | ആഴ്ചയിൽ 1 | HM, ക്ലാസ് ടീച്ചർ |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ. | ഇംഗ്ലീഷ് ഡയറി എഴുതുന്നു. | ആഴ്ചയിൽ 2 | ക്ലാസ് ടീച്ചർ. |
| - ഇംഗ്ലീഷ് പദസമ്പത്ത് വർധിപ്പിക്കൽ. | ക്ലാസിനനുസരിച്ച് നിഘണ്ടു തയ്യാറാക്കൽ. | | |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് കോർണർ ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ. | ഇംഗ്ലീഷ് പത്രപ്പുസ്തകങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇവ ഒരുക്കൽ. പഴഞ്ചൊല്ലുകൾ, riddles മുതലായവ bulletin board ൽ പ്രദർശിപ്പിക്കൽ. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ. |
| ഇംഗ്ലീഷ് സൗഹൃദ ക്ലാസ്തലം. (ഇംഗ്ലീഷ് ഭാഷാ പരിപോഷണം നൈപുണ്യം വർധിപ്പിക്കുക, സ്പോക്കൺ ഇംഗ്ലീഷ്, ഇംഗ്ലീഷ് പറയാനും എഴുതാനുമുള്ള കഴിവ് വികസിപ്പിക്കാൻ. | ക്ലാസ്തലത്തിൽ കഥ, കവിത rhymes, riddles, puzzles, skit തുടങ്ങിയവയുടെ അവതരണം. | ജൂലൈ- മാർച്ച്. | |
| | ആഴ്ചയിൽ 2 ദിവസം സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ഉറപ്പിക്കൽ. കൂടുതൽ ഇംഗ്ലീഷ് സംസാരിക്കാൻ അവസരം ഒരുക്കുന്നു. കുട്ടികൾ തന്നെ പരിപാടി അവതരണം (സൗഹൃദ) | ജൂലൈ- മാർച്ച്. | പ്രത്യേക ടീച്ചർ. |
| ഗണിതശേഷി വികസനം, ഗണിതാഭിരുചി വളർത്തൽ, രസകരമായ ഗണിതശാസ്ത്രപഠനം. | ഒറിഗാമി നിർമ്മാണം, വിവിധ രൂപങ്ങൾ നിർമ്മിക്കൽ ഗണിത ശില്പശാല ഗണിതവിജയം, ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ. | ക്ലാസ് റൂം പ്രവർത്തനത്തോടൊപ്പം. | SRG, ക്ലാസ് ടീച്ചർ. |
| ഗണിതലാബ് സജ്ജീകരിക്കൽ | ഓരോ ക്ലാസിലും സജീവമായ ഗണിതമൂല ഒരുക്കൽ ഗണിതകിറ്റ് ഓരോ കുട്ടിക്കും. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ. |

| | | | |
|---|---|---|---|
| ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ. നിറയുന്ന കണക്ക് പെട്ടി. | മൂന്നാം ക്ലാസിലെ ഓരോ കുട്ടിക്കും. | ക്ലാസ് പ്രവർത്തനം. | ക്ലാസ് ടീച്ചർ. SRG. |
| ഭാഷ<br>വായനാപരിപോഷണം<br>കുട്ടികളുടെ വായന പരിപോഷിപ്പിക്കൽ.<br>വായന കാർഡ് നിർമ്മാണം. | വായനകാർഡ്, പദകാർഡ്, അക്ഷരകാർഡ് രൂപീകരണം. പത്രം, ബാലമാസിക ലഭ്യമാക്കൽ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, വായനാമൂല ശാക്തീകരിക്കൽ അമ്മ വായന പ്രോത്സാഹിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ. |
| കാവ്യോത്സവം | മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് പാഠഭാഗത്തോടനുബന്ധിച്ച്. | പാഠഭാഗത്തോടനുബന്ധിച്ച്. | |
| ലൈബ്രറി ശാക്തീകരണം<br>വായിക്കുന്ന തലമുറയെ സൃഷ്ടിക്കൽ. | പുസ്തകങ്ങൾ ലഭ്യമാക്കൽ ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കൽ, വായനാക്കുറിപ്പ് തയ്യാറാക്കൽ (CPTA) | അക്കാദമിക വർഷം മുഴുവൻ | പിടിഎ ക്ലാസ് ടീച്ചർ. |
| ലബോറട്ടറി നവീകരണം. | വിവിധ ഉപകരണങ്ങൾ സജ്ജീകരിക്കൽ. | ആവശ്യാനുസരണം. | സയൻസ് ക്ലബ്ബ്. |

| | | | |
|---|---|---|---|
| ശാസ്ത്രപഠനം എളുപ്പമാക്കൽ | ഫീൽഡ് ട്രിപ്പ്. പ്രകൃതി നടത്തം. | പാഠഭാഗത്തോടനുബന്ധിച്ച്. | ക്ലാസ് ടീച്ചർ. |
| റീഡേഴ്സ് തിയേറ്റർ. | 1 മുതൽ 4 വരെ ക്ലാസുകളിൽ (ഒരു കഥ ശബ്ദവ്യതിയാനത്തോടെ വായിച്ചവതരിപ്പിക്കൽ.) | ക്ലാസ് റൂം പ്രവർത്തനം | ക്ലാസ് ടീച്ചർ. |
| ജൈവ വൈവിധ്യ പാർക്ക് (വിദ്യാലയത്തിൽ ജൈവവൈവിധ്യം സൃഷ്ടിച്ച് പഠനാന്തരീക്ഷം ഒരുക്കൽ) | പൂന്തോട്ട നിർമ്മാണം പച്ചക്കറിത്തോട്ടം ഒരുക്കൽ | അക്കാദമിക വർഷം മുഴുവൻ | ഇക്കോ ക്ലബ്ബ് SRG. |
| എന്റെ വിദ്യാലയം ശുചിത്വ വിദ്യാലയം (പ്ലാസ്റ്റിക് വിമുക്തം) | ശുചിത്വം, പ്ലാസ്റ്റിക് രഹിത വിദ്യാലയം എന്നിവ ഉറപ്പു വരുത്താനുള്ള പ്രവർത്തനങ്ങൾ. | അക്കാദമിക വർഷം മുഴുവൻ | ഹെൽത്ത് ക്ലബ്ബ്, അധ്യാപകർ. |

# പ്രവർത്തന കലണ്ടർ 2025-26

ജൂൺ 5 - ലോകപരിസ്ഥിതി ദിനാചരണം
പരിസര ശുചീകരണം, ക്വിസ്, പോസ്റ്റർ നിർമ്മാണം
വൃക്ഷത്തൈ നടൽ.

ജൂൺ 12 - ലോകബാലവേല വിരുദ്ധദിനം.
ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ചർച്ച.

ജൂൺ 19 - വായനാ ദിനം
വായനാ മാസാചരണം, പുസ്തക പ്രദർശനം
പുസ്തക വിതരണം, രചനാപരിചയക്കുറിപ്പ്
ക്വിസ്.

ജൂൺ 21 - യോഗദിനം.
ലഘുയോഗമുറകൾ ക്ലാസിൽ ചെയ്യൽ.

ജൂലൈ 5 - ബഷീർ ദിനം
ബഷീർ പുസ്തക പ്രദർശനം, ക്വിസ്.

ജൂലൈ 21 - ചാന്ദ്രദിനം
ക്വിസ്, പോസ്റ്റർ നിർമ്മാണം, വീഡിയോ പ്രദർശനം.

ആഗസ്റ്റ് 6, 9 - ഹിരോഷിമ നാഗസാക്കി ദിനം
പോസ്റ്റർ നിർമ്മാണം.

ആഗസ്റ്റ് 9 - ക്വിറ്റ് ഇന്ത്യാ ദിനം.
ക്വിസ് മത്സരം.

ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം, ദേശഭക്തിഗാനാലാപനം
പ്രസംഗം, ക്വിസ്.

സെപ്റ്റംബർ 5 - അധ്യാപക ദിനം.
പ്രത്യേക അസംബ്ലി

സെപ്റ്റംബർ 16 - ഓസോൺ ദിനം, പോസ്റ്റർ നിർമാണം.

ഒക്ടോബർ 2 - ഗാന്ധിജയന്തി, ശുചീകരണ വാരം, ക്വിസ്

നവംബർ 1 - കേരളപ്പിറവി ദിനം - ക്വിസ്, കേരള ഗാനാലാപനം.

നവംബർ 14 - ശിശുദിനം
കുട്ടികളുടെ വിവിധ കലാപരിപാടികൾ.

ഡിസംബർ 22 - ക്രിസ്തുമസ് ആഘോഷം,
ആശംസാ കാർഡ് നിർമ്മാണം,
കേക്ക് മുറിക്കൽ.

ജനുവരി 1 - പുതുവത്സരാഘോഷം
ആശംസാകാർഡ് നിർമ്മാണം.

ഫെബ്രുവരി 21 - മാതൃഭാഷാദിനം
പ്രത്യേക അസംബ്ലി

ഫെബ്രുവരി 28 - ശാസ്ത്രദിനം, ക്വിസ്

മാർച്ച് - പഠനോത്സവം, സ്കൂൾ വാർഷികം.



# GLPS PANAYAL

# ACADEMIC MASTER PLAN

